TB Movie Panel Weekly Review

#moviepanel

മറ്റൊരാൾ

🖋 ആതിര ചാന്ദിനി പിള്ള

മലയാളികളുടെ സ്വകാര്യ അഹങ്കാരം എന്ന് നിസ്സംശയം പറയാവുന്ന ശ്രീ കെ ജി ജോർജിന്റെ സംവിധാനത്തിൽ 1988 -ൽ പുറത്തിറങ്ങിയ, കാലത്തിനതീതമായി സഞ്ചരിച്ച മലയാളത്തിലെ എക്കാലത്തെയും മികച്ച ക്ലാസിക് മൂവി - "മറ്റൊരാൾ ".

സിനിമ പറയുന്നത് രണ്ടു കുടുംബങ്ങളുടെ കഥയാണ്.

ഇരു ധ്രുവങ്ങളിലുള്ള കുടുംബങ്ങൾ.

കൈമൾ-സുശീല ദമ്പതികളായി കരമന ജനാർദ്ദനനും സീമയും ,ബാലൻ-വേണി ദമ്പതികളായി മമ്മൂട്ടിയും ഉർവശിയും മത്സരിച്ചു അഭിനയിച്ചിരിക്കുകയാണ് ചിത്രത്തിൽ.

സിനിമ തുടങ്ങുന്നത് കൈമൾ-സുശീല ദമ്പതികളുടെ കുടുംബത്തിൽ നിന്നാണ്.

ഉദ്യോഗസ്ഥനും കണിശക്കാരനുമായ കൈമൾ , ഭർത്താവ് -കുട്ടികൾ-വീട് ഈ ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കുന്ന സുശീല എന്ന വീട്ടമ്മ.

മറുവശത്തു സുഹൃത്തുക്കളെ പോലെ കഴിയുന്ന ബാലനും വേണിയും.

സ്വന്തമായി വ്യക്തിത്വമുള്ള ,അഭിപ്രായങ്ങളുള്ള ,നിറമുള്ള സ്വപ്നങ്ങളും അത് തേടിപ്പിടിക്കാൻ ചിറകുകളുമുള്ള കഥാപാത്രമായെത്തിയ വേണി ഉർവശി എന്ന നടിയുടെ കരങ്ങളിൽ ഭദ്രമായിരുന്നു.

സ്വതന്ത്ര ചിന്താഗതിയും പരസ്പര ബഹുമാനവുമുള്ള വേണി-ബാലൻ കുടുംബ ബന്ധം അതിഭാവുകത്വങ്ങളൊന്നുമില്ലാതെ അവതരിപ്പിച്ചുകൊണ്ട് സിനിമ കാലത്തിനതീതമായി സഞ്ചരിക്കുകയായിരുന്നു.

വേണി ജോലിക്കു പോകുന്നതിനെ ക്കുറിച്ചു ബാലൻ പറയുമ്പോൾ അസ്വസ്ഥനാകുന്ന, തന്റെ പഴയ കാർ മാറ്റി വാങ്ങാൻ പറയുന്ന മെക്കാനിക്കിനോട് ദേഷ്യപ്പെടുന്ന,സഹായം ആവശ്യപ്പെടുന്ന സുഹൃത്തിനോട് പറ്റില്ലെന്ന് പറയുന്ന കൈമൾ.

വിവിധ സന്ദർഭങ്ങളിലൂടെ കൈമളിന്റെ കഥാപാത്ര സൃഷ്ടി നമ്മളിലേക്ക് കൃത്യമായി എത്തുന്നുണ്ടായിരുന്നു.

മറിച്ചു സുശീല എന്താണെന്നോ എങ്ങനെയാണെന്നോ ഒരു വ്യക്തമായ ആശയം നമ്മിലേക്ക് കഥ സംവദിക്കുന്നില്ല.
എന്നിരുന്നാലും നാല് ചുമരുകൾക്കുള്ളിൽ വീർപ്പു മുട്ടി കഴിയുന്ന, സ്വന്തമായി ജോലിയോ വരുമാനമോ ഇല്ലാതെ വിഷമിക്കുന്ന, സുശീലയുടെ നിസ്സഹായാവസ്ഥ അതി സമർത്ഥമായി സംവിധായകൻ വരച്ചു വെച്ചു.

ഒരു ദിവസം ജോലി കഴിഞ്ഞു വീട്ടിലെത്തുന്ന കൈമൾ സുശീലയെ കാണാനില്ലെന്നും,പിന്നീടുള്ള അന്വേഷണത്തിൽ അവൾ മറ്റൊരാൾക്കൊപ്പം ഇറങ്ങി പോയി എന്ന് തിരിച്ചറിയുന്നിടത്താണ് സിനിമ അതിന്റെ വഴിത്തിരിവിലെത്തുന്നത്.

സുശീലയുടെ അപ്രതീക്ഷിതമായ ആ ഇറങ്ങിപ്പോക്ക് നമ്മെ കടിഞ്ഞാണിട്ട് പിടിച്ചു നിർത്തും,നമ്മുടെ ചിന്തകളെ ഒന്ന് പിറകോട്ടു കൊണ്ട് പോകും.

കൈമളിലൂടെ നാം കണ്ട കാഴ്ചകൾ, സംവിധായകൻ അത് സുശീലയുടെ കാഴ്ചപ്പാടിലൂടെ നമ്മെ കാണിക്കാൻ ശ്രമിച്ചിരുന്നുവോ എന്ന് സംശയിക്കും.

നാം കണ്ട കാഴ്ചകളും നാം കാണേണ്ടിയിരുന്ന കാഴ്ചകളും തമ്മിലുള്ള ഒരു ഏറ്റുമുട്ടൽ.

പത്തോ ഇരുപതോ അല്ല 30 വർഷങ്ങൾ ക്കു മുൻപ് പുറത്തിറങ്ങിയ ഒരു സിനിമ.

ഒരു TYPICAL മലയാളി കുടുംബമെന്നു വിശേപ്പിക്കാവുന്ന ഒന്നിൽ നിന്ന് ഒരു സ്ത്രീയുടെ പെട്ടെന്നുള്ള ഇറങ്ങി പോക്ക്.

സ്വാഭാവികമായും നമ്മൾ പ്രതീക്ഷിക്കുന്ന കുറ്റപ്പെടുത്തലുകളും വിചാരണകളും.

സിനിമ അതിനോടെല്ലാം ശക്തമായ മൗനം പാലിക്കുകയാണ്.

സുശീലയോട് അത്രയും ദൂരം സിനിമ കാണിച്ച മൗനം വീണ്ടും മനഃപൂർവം തുടരുന്നതുപോലെ.

സുശീലയുടെ അസാന്നിധ്യം സൃഷ്ടിച്ച ശൂന്യത അയാളുടെ ജീവിതത്തിന്റെ താളം തെറ്റിക്കുകയാണ്.
തിരിച്ചു പിടിക്കാൻ ആവതു ശ്രമിച്ചിട്ടും കൈ വിട്ട പട്ടം പോലെ അയാളുടെ മനസ് കലുഷിതമായിക്കൊണ്ടിരുന്നു.

തന്റെ ജീവിതത്തിന്റെ താളപ്പിഴകൾക്കു കാരണക്കാരനായ ആ ഒരാൾ, സിനിമയുടെ പേര് അന്വർത്ഥ മാക്കുന്നതുപോലെ "മറ്റൊരാൾ" അയാളെ തേടിയുള്ള കൈമളിന്റെ അന്വേഷണം ചെന്ന് അവസാനിക്കുന്നത് എല്ലാ മുൻവിധികളും പ്രതീക്ഷകളും തല്ലിക്കെടുത്തിക്കൊണ്ടുള്ള കഥാന്ത്യത്തിലാണ് .

'അവളുടെ ഹൃദയമെവിടെയിരിക്കുന്നു എന്ന് എനിക്ക് കൃത്യമായ നിശ്ചയമുണ്ട് 'എന്ന് പറഞ്ഞു കൈമൾ ആ കത്തി തന്റെ കൈകളിൽ ചേർത്ത് പിടിക്കുമ്പോൾ കരമന ജനാർദ്ദനൻ എന്ന നടൻ തന്റെ അഭിനയ മികവിന്റെ പാരമ്യത്തിലെത്തി നിൽക്കുന്നത് പോലെ തോന്നും.

കെ ജി ജോർജ് എന്ന സംവിധയകൻ ,കരമന എന്ന പകരം വയ്ക്കാനില്ലാത്ത മഹാ പ്രതിഭയെ അതിന്റെ എല്ലാ പൂർണതയിലും ഉപയോഗിച്ചിരിക്കുന്നതായി തോന്നി.

ബാലൻ എന്ന സുഹൃത്തിനെയും സിനിമ നന്നായി ആഘോഷിച്ചു.

ഈ സിനിമ കാണാൻ നാം 30 വർഷം പുറകോട്ടു സഞ്ചരിക്കേണ്ടതില്ല, നമുക്കിഷ്ടമുള്ള അത്രയും വർഷങ്ങൾ നമുക്ക് കാത്തിരിക്കാം കാലങ്ങൾക്കപ്പുറവും സിനിമയുടെ പ്രമേയവും, സിനിമ പറഞ്ഞ രാഷ്ട്രീയവും ഒളി മങ്ങാതെ നിൽക്കുമെന്നു തീർച്ച.